ചന്ദന മരങ്ങളും സംരക്ഷണവും

88 [2698] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:
,, പി. ജയരാജൻ:
,, രാജു എബ്രഹാം:
,, വി. കെ. ചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചന്ദന മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും അവയുടെ സംരക്ഷണത്തിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ചന്ദനക്കാടുകളിൽനിന്നും ആയിരക്കണക്കിന് ചന്ദനമരങ്ങൾ മോഷണം പോയത് സംബന്ധിച്ച് അന്വേഷണം എന്തെങ്കിലും നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ചന്ദന മരങ്ങളും ചന്ദനതൈലവും മോഷണം പോയതു സംബന്ധിച്ചുള്ള അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് പറയാമോ;

(ഡി) സംസ്ഥാനത്തെ ചന്ദനക്കാടുകളിലെ ചന്ദനമരങ്ങളുടെ കണക്ക് സർക്കാർ തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര; 2001-ൽ ഇവയുടെ എണ്ണം എത്രയായിരുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ചന്ദനമരങ്ങളുടെ സംരക്ഷണത്തിനും അവ വച്ചുപിടിപ്പിക്കുന്നതിനും ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനുംവേണ്ടി 2005 ഏപ്രിൽ 22-ാം തീയതി മറയൂരിൽവച്ച് ചന്ദന സംരക്ഷണ സംഗമം നടത്തുകയുണ്ടായി. ഇതിനു മുന്നോടിയായി 2 വാഹന ജാഥകൾ സംസ്ഥാനത്ത് ഉടനീളം പര്യടനം നടത്തുകയും ഉണ്ടായി. ഇതിൽ ഒരു ജാഥ 15-4-2005-ന് കാസർകോടുനിന്നും മറെറാന്ന് 16-4-2005-ന് തിരുവനന്തപുരത്തുനിന്നും ആരംഭിച്ച് 20-4-2005-ന് എറണാകുളത്ത് സംഗമിച്ച് അവിടെ പ്രകൃതി സംരക്ഷണത്തെക്കുറിച്ച് ഒരു സെമിനാറും നടത്തിയിരുന്നു. തുടർന്ന് ജാഥകൾ സംയുക്തമായി മറയൂരിലേക്ക് പോകുകയും അവിടെ ഏപ്രിൽ 22-ന് ലോകഭൗമദിനത്തിൽ ചന്ദന സംരക്ഷണ സംഗമം പരിപാടി നടത്തുകയും ചെയ്തു. ഈ ജാഥകളും തുടർന്ന് നടത്തിയ ചന്ദന സംരക്ഷണ സംഗമവും ജനങ്ങളിൽ പ്രകൃതി സംരക്ഷണത്തെക്കുറിച്ച്, പ്രത്യേകിച്ച് ചന്ദന സംരക്ഷണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് ഉതകിയിട്ടുണ്ട്. അടുത്ത വർഷം മുതൽ പൊതുജനങ്ങൾക്ക് നടാനുള്ള ചന്ദനത്തൈകൾ വിതരണം ചെയ്യാൻ സാമൂഹിക വനവൽക്കരണ വിഭാഗം ഉദ്ദേശിക്കുന്നുമുണ്ട്. മറയൂർ വനങ്ങളിൽ വച്ചുപിടിപ്പിച്ച ചന്ദനത്തൈകൾ/മരങ്ങൾ മുള്ളുവേലി കെട്ടി സംരക്ഷിച്ചുവരുന്നു.

(ബി) ചന്ദനമരങ്ങൾ മുറിച്ചതായി കണ്ടെത്തുമ്പോൾത്തന്നെ കേരള ഫോറസ്റ്റ് ആക്ട് പ്രകാരം കേസ് ബുക്ക് ചെയ്ത് അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നുണ്ട്. കഴിഞ്ഞ 3 വർഷത്തിനിടയിൽ ചന്ദന മരങ്ങൾ അനധികൃതമായി നീക്കം ചെയ്തതിന് 882 കേസുകളെടുത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ കേസുകളിൽപ്പെട്ട 1252 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

മറെറാരു മരത്തിന്റെയും കാര്യത്തിലെന്നപോലെ ചന്ദനമരങ്ങൾ മോഷ്ടിക്കപ്പെടുമ്പോഴും സംരക്ഷണ ചുമതലയുള്ള ഉദ്യോഗസ്ഥർ യുക്തമായ

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മറയൂർ റെയിഞ്ചിലെ വിവിധ റിസർവ്വുകളിൽ വിജിലൻസ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ 2005 മാർച്ച് മാസം മുതൽ ജൂൺ മാസം വരെയുള്ള കാലയളവിൽ നടത്തിയ പരിശോധനയിൽ നടപടി സ്വീകരിച്ചിട്ടില്ലാത്തതായി കാണപ്പെട്ട 1302 കുറ്റികൾക്ക് മഹസർ തയ്യാറാക്കി മേൽനടപടികൾക്കായി മറയൂർ റെയിഞ്ച് ആഫീസറെ ഏൽപ്പിച്ചിട്ടുണ്ട്.

(സി) പാലക്കാട്ടെ സ്ട്രോങ്ങ് റൂം കവർച്ചയുമായി ബന്ധപ്പെട്ട കേസ് സി. ബി. ഐ.-യുടെ അന്വേഷണത്തിലാണ്. ചന്ദനമരങ്ങളുടെ മോഷണം സംബന്ധിച്ച് പ്രതികളെ പിടിക്കുകയും അന്വേഷണം പൂർത്തിയായ ശേഷം കേസുകൾ കോടതിയിൽ ചാർജ്ജ് ചെയ്ത പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്തെ സംരക്ഷിത മേഖലയിൽ ഏകദേശം 64450-ഓളം ചന്ദന മരങ്ങൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുണ്ട്. ഇതിൽ മറയൂർ പ്രദേശത്ത് 56,492 ചന്ദന മരങ്ങൾ ഉള്ളതായി തിട്ടപ്പെടുത്തിയിട്ടുണ്ട്. 2001-ൽ സംസ്ഥാനത്തെ ചന്ദനക്കാടുകളിലെ ചന്ദനമരങ്ങളുടെ കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല. 2001-ൽ മറയൂർ റിസർവ്വിൽ 65,427 മരങ്ങൾ ഉള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റി ദിവസ വേതനക്കാരുടെ വേതനം

89 [2699] ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ പമ്പ് ഹൗസ് ഓപ്പറേറർമാരായും വാൽവ് കൺട്രോളർമാരായും ഡെയ്ലി വേജസ് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന എത്ര പേരുണ്ട്;

(ബി) ഇവർക്ക് പ്രതിദിന വേതനം എത്രയാണ്;

(സി) വാട്ടർ അതോറിറ്റിയുടെ അരുവിക്കരയുള്ള ഓഫീസിനോടനുബന്ധിച്ച് ഈ പണി ചെയ്യുന്ന ഡെയ്ലി വേജസ് ജോലിക്കാർക്ക് അവരുടെ പേരിൽത്തന്നെ വേതനം എഴുതിവാങ്ങി തുക നേരിട്ട് നൽകുന്നുണ്ടോ;

(ഡി) വാട്ടർ അതോറിറ്റിയുടെ മറ്റ് ഓഫീസുകളിൽ ഇത്തരം ജോലി ചെയ്യുന്നവർക്ക് അവരുടെ പേരിൽത്തന്നെ വേതനം എഴുതിവാങ്ങി തുക നേരിട്ട് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ഓഫീസുകളിൽ ഇത്തരം ജോലി ചെയ്യുന്നവരുടെ വേതനം ആരുടെ പേരിലാണ് എഴുതിവാങ്ങുന്നതും കൊടുക്കുന്നതുമെന്ന് വെളിപ്പെടുത്താമോ;

(എഫ്) ഇപ്രകാരം മറ്റൊരാളിന്റെ പേരിൽ വേതനം എഴുതിക്കൊടുക്കുന്നതുകൊണ്ട് ജോലി ചെയ്യാത്തവരുടെ പേരിലും ശമ്പളം എഴുതിവാങ്ങാനിടയുണ്ടെന്നതും കൂടാതെ യഥാർത്ഥത്തിൽ ജോലി ചെയ്യുന്നവർക്ക് മുഴുവൻ തുകയും ലഭിക്കാതിരിക്കുന്നതിനും സാദ്ധ്യതയില്ലേ;

(ജി) ഇതിനെപ്പറ്റി ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിനെക്കൊണ്ട് അന്വേഷിപ്പിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(എച്ച്) ഇത്തരം ജോലി ചെയ്യുന്നവർക്ക് അവരുടെ പേരിൽ വേതനം എഴുതിവാങ്ങി നേരിട്ട് നൽകുവാൻ നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly